ഗ്രീൻ എക്സ്പ്രസ്സ് >>> അഭിലാഷ്. ആർ. ജെ

പച്ചക്കറി വിജയഗാഥകളുടെ 'കേരളകർഷകൻ' ഡോക്കുമെന്റേഷൻ

# ആതുരാലയത്തിലെ ഹരിത സാന്ത്വനം

**കൃഷിവകുപ്പിന്റെ സമഗ്രപച്ചക്കറി കൃഷി വികസന പദ്ധതിയിലൂടെ മലബാർ കാൻസർ സെന്ററിലെ ഒരേക്കർ തരിശുഭൂമി സമൃദ്ധിയുടെ വിളഭൂമിയായ വിജയകഥ.**

കൃഷി വകുപ്പിന്റെ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷിനടത്തിയതിനുള്ള, കണ്ണൂർ ജില്ലാതല അവാർഡ്, കോടിയേരി കൃഷിഭവൻ പരിധിയിലുള്ള മലബാർകാൻസർ സെന്റർ കരസ്ഥമാക്കി. ഇവിടെ ഒരേക്കറിലധികം വരുന്ന തരിശുഭൂമിയിൽ നടത്തുന്ന ജൈവപച്ചക്കറി ആരുടെയും കണ്ണിനും മനസ്സിനും കുളിർമ നൽകുന്ന ഹരിത വിസ്മയ കാഴ്ചയാണ്.

അർബുദത്തിന്റെ നീരാളിപ്പിടുത്തതിൽ വേദനകൊണ്ടു പുളയുന്ന നിരവധിയാളുകളുടെ ആശാകേന്ദ്രമാണ് തലശ്ശേരി മുനിസിപ്പാലിറ്റിയിൽ കോടിയേരിയിലുള്ള മലബാർ കാൻസർ സെന്റർ. ഇവിടെ എത്തുന്ന രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വിഷരഹിതമായ ജൈവപച്ചക്കറി ലഭ്യമാക്കുകയാണ് കോടിയേരി കൃഷിഭവൻ.

വർഷങ്ങളായി കാടുപിടിച്ചു കിടന്ന ഈ ഉയർന്ന പ്രദേശത്ത് പദ്ധതി നടപ്പാക്കാനുള്ള പ്രധാന സാങ്കേതിക തടസം രൂക്ഷമായ ജലദൗർലഭ്യമായിരുന്നു. എന്നാൽ അര കിലോമീറ്ററോളം താഴെ നിന്ന് പൈപ്പ് വഴി ജലസേചനം ലഭ്യമാക്കാൻ ജീവനക്കാർ കാണിച്ച ഉത്സാഹം ശ്രദ്ധേയമായി.

ഇവിടെയിപ്പോൾ മഞ്ഞയും വെള്ളയും തുടങ്ങി വിവിധ നിറങ്ങളിൽ പൂത്തും, കായ്ച്ചും നിൽക്കുന്ന പലതരം പച്ചക്കറികൾ. വെൽവെറ്റ് വിരിച്ചതുപോലെ ഒരു പ്രദേശമാകെ ചീര വിളവെടുപ്പിനു പാകമായിരിക്കുന്നു. മറ്റൊരിടത്ത് പുതിയ തൈകൾ മുളച്ചു തുടങ്ങുന്നു. പാവലും വെള്ളരിയും, പടവലവും, പൊട്ടിക്ക(പിച്ചിൽ)യും വള്ളിത്തലപ്പുകൾ ഉയർത്തി പൂത്തു കായ്ച്ചു തുടങ്ങിയിരിക്കുന്നു. ഇനിയൊരിടത്ത് മുളക്, വെണ്ട, വഴുതന എന്നിവ വളരുന്നു. പയർ മറ്റൊരിടത്ത് പന്തലിലേക്ക് തലനീട്ടിക്കഴിഞ്ഞു. കുമ്പളം, മത്തൻ എന്നിവയ്ക്ക് ജൈവവളം കിട്ടിയതിന്റെ ആവേശം നീണ്ടു പടരുന്ന വള്ളികളിൽ കാണാം. പാലക്കു ചീരയും, മുള്ളങ്കി യുമെല്ലാം ഇവിടുണ്ട്.

ചാണകം, വേപ്പിൻ പിണ്ണാക്ക്, മണ്ണിരക്കമ്പോസ്റ്റ്, കടലപ്പിണ്ണാക്ക്, ചകിരിച്ചോർ കമ്പോസ്റ്റ് എന്നിവയും വെണ്ണീറുമാണ് വളം. ചാണകത്തിന്റെ ഗുണമേന്മ വർദ്ധിപ്പിച്ച് ചെടികളിലെ വിവിധ രോഗബാധകൾ തടയാൻ ട്രൈക്കോഡെർമ മിത്രക്കുമിൾ ഉപയോഗിച്ച് ചാണകവും, വേപ്പിൻ പിണ്ണാക്കും ചേർന്ന മിശ്രിതം മെച്ചപ്പെടുത്തിയാണ് തരിശുസ്ഥലം കിളച്ചൊരുക്കി അടിവളം ചേർത്തത്.

കണ്ണൂർ വി.എഫ്.പി.സി.കെ.



സ്യൂഡോമോണസ് പ്രയോഗിക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ പ്രോട്രേകളിൽ വിത്തു മുളപ്പിക്കുകയും ശേഷം ശാസ്ത്രീയ അകലത്തിൽ പച്ചക്കറികൾ കൃഷി ചെയ്തു.

ഒരേക്കറിലധികം സ്ഥലത്തെ പച്ചക്കറി തോട്ടത്തിൽ വിളയുന്ന മുഴുവൻ ഉല്പന്നങ്ങളും ആശുപത്രി കാന്റീനിലേക്ക് എടുക്കാനാണ് തീരുമാനം. പൂർണ്ണമായും ജൈവരീതിയിൽ ചെയ്യുന്ന കൃഷിക്ക് പി.ജി.പി.ആർ. മിശ്രിതം ഇടയ്ക്ക് നൽകുന്നത് ചെടികൾ കൂടുതൽ കരുത്തോടെ വളരാനിടയാക്കുന്നു. ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രി ശ്രീ. കെ.പി. മോഹനൻ മലബാർ കാൻസർ സെന്റർ സന്ദർശിച്ചപ്പോൾ പച്ചക്കറികൃഷി ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇക്കാര്യം അംഗീകരിച്ചതോടെ ആശുപത്രിയിലെ എഞ്ചിനിയറായ ശ്രീ. സുധീപ്, ശ്രീമതി. റീന എന്നിവരുടെ സഹായവും പദ്ധതിയെ വിജയത്തിലേക്ക് നയിച്ചു.

മുൻപ് കൃഷിഭവൻ മുഖേന എം.സി.സി.യിൽ 450 ൽ പരം ഗ്രോബാഗുകളിൽ പച്ചക്കറി കൃഷി ചെയ്തതിന്റെ വിജയമാണ് പദ്ധതി തുടങ്ങാൻ കാരണം. ആശുപത്രിയിലെ മലിനജലം ശുദ്ധീകരിച്ച് സ്പ്രിംഗ്ളറിന്റെ സഹായത്തോടെ കൃഷിയിടം നനക്കുന്നു. ചെടികൾ പരിപാലിക്കാനും നനയ്ക്കാനും ആശുപത്രി ജീവനക്കാരും ജോലിക്കാരും സജീവമാണ്. ചെടികൾക്ക് മുള്ളൻപന്നിയുടെയും കുറുക്കന്റെയും ശല്യമുള്ളതിനാൽ കൃഷിയിടത്തിന്റെ ഒരു ഭാഗം വേലി കെട്ടി മറച്ചു. മഴക്കാലത്തും കൃഷി തുടരുവാൻ ഒരു ഭാഗത്ത് മഴമറയും നിർമ്മിച്ചു.

കൃഷിയിടം കണ്ട് മനസ്സ് നിറഞ്ഞ് ആശുപത്രിയിലെ നഴ്സുമാരും തങ്ങളുടെ ഹോസ്റ്റലിനു സമീപം പച്ചക്കറി കൃഷി പ്രവർത്തനങ്ങൾ ആരംഭിച്ചു. എല്ലാറ്റിനും മേൽനോട്ടവുമായി കൃഷി ഓഫീസർ സ്മിത ഹരിദാസ്, കൃഷി അസിസ്റ്റന്റുമാരായ അഭിലാഷ്, രജനി, റസിയ